ഭരണഭാഷ - മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി5/9495/2009/സിഇ/തസ്വഭവ.

തീയതി: 28.05.2014

# സർക്കുലർ

വിഷയം:- തസ്വഭവ-സ്കൂൾ-ബിൽഡിംഗ് ആദ്യതവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്.

സൂചന:-1) സർക്കാർ ഉത്തരവ് നമ്പർ GO(Rt.) 1304/74/PWD തീയതി 11.11.1974.
2) സർക്കുലർ നമ്പർ 42448/ EW3/11/തസ്വഭവ തീയതി 12.09.2011.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗമാണ്. എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്ക് ആദ്യതവണ ഫിറ്റ്നസ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജായി 1.25% ഈടാക്കേണ്ടതാണ്. പല എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളും തദ്ദേശസ്വയംഭരണ എഞ്ചിനീയർമാരുടെ സൂപ്പർവിഷൻ കൂടാതെ നിർമ്മാണം പൂർത്തിയാക്കുകയും പിന്നീട് സൂപ്പർവിഷൻ ചാർജ് ഒഴിവാക്കുന്നതിന് അപേക്ഷിക്കുകയും ചെയ്യുന്നതായും കാണുന്നു. ഇതുമൂലം സർക്കാരിന് റവന്യൂ നഷ്ടമുണ്ടാകാനിടയാകുന്നു. ആയതിനാൽ സൂചന (2) സർക്കാർ സർക്കുലർ പ്രകാരം സൂപ്പർവിഷൻ ചാർജായി 1.25% കൃത്യമായും ഈടാക്കേണ്ടതും, ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കെട്ടിട നിർമ്മാണാനുമതി നൽകുമ്പോൾ താഴെ പറയുന്ന വസ്തുത കൂടി വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

സ്കൂൾ അധികൃതർ കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ്, Structural drawing, soil investigation details, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി, ടിയാന്റെ സാങ്കേതിക മേൽ നോട്ടത്തിൽ മാത്രമേ കെട്ടിട നിർമ്മാണം നടത്താൻ പാടുള്ളൂ.

ചീഫ് എൻജിനീയർ

SAN/14